**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5756** **25-03-2025-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ വിലക്കയറ്റം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. അൻവർ സാദത്ത് | (മുഖ്യമന്ത്രി) |
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | |
| ഡോ. മാത്യു കുഴൽനാടൻ | |
| ശ്രീ. സനീഷ്കുമാർ ജോസഫ് | |

**(എ)** 2025 ഫെബ്രുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റത്തിന്റെ നിരക്ക് ദേശീയ നിരക്കിനേക്കാൾ ഉയർന്നുനിൽക്കുന്നുവെന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും നിലവിലുള്ള Price Monitoring Cell-ന്റെ റിപ്പോർട്ട് പ്രകാരം 2025 ഫെബ്രുവരിയിൽ 22 അവശ്യസാധനങ്ങളിൽ 17 അവശ്യസാധനങ്ങളുടെ വില ദേശീയ ശരാശരിയേക്കാൾ കൂടുതലായാണ് കാണുന്നത്. എന്നാൽ പഞ്ചസാര, പാൽ, തേയില (ലൂസ്), ഉപ്പ്, സോയാ ഓയിൽ എന്നിവയുടെ വില കുറവാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാലും ഒട്ടുമിക്ക അവശ്യസാധനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിനാലുമാണ് ഇപ്രകാരം വിലയിൽ വ്യത്യാസം വരുന്നത്. 2025 ഫെബ്രുവരിയിൽ പ്രൈസ് മോണിറ്ററിങ് സെൽ തയാറാക്കിയ **വിലവിവര പട്ടിക അനുബന്ധമായി** ചേർക്കുന്നു.

**(ബി)** വിലക്കയറ്റം ദേശീയതലത്തിൽ കുറയുമ്പോൾ കേരളത്തിൽ കൂടുന്നതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും വില ശേഖരണത്തിനും നിലവിലുള്ള Price Monitoring Cell-ന്റെ റിപ്പോർട്ട് പ്രകാരം 2025 ഫെബ്രുവരിയിൽ 22 അവശ്യസാധനങ്ങളിൽ 17 അവശ്യസാധനങ്ങളുടെ വില ദേശീയ ശരാശരിയേക്കാൾ കൂടുതലായാണ് കാണുന്നത്. എന്നാൽ പഞ്ചസാര, പാൽ, തേയില (ലൂസ്), ഉപ്പ്, സോയാ ഓയിൽ എന്നിവയുടെ വില കുറവാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാലും ഒട്ടുമിക്ക അവശ്യസാധനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിനാലുമാണ് ഇപ്രകാരം വിലയിൽ വ്യത്യാസം വരുന്നത്. 2025 ഫെബ്രുവരിയിൽ പ്രൈസ് മോണിറ്ററിങ് സെൽ തയാറാക്കിയ **വിലവിവര പട്ടിക അനുബന്ധമായി** ചേർക്കുന്നു.

**(സി)** 2025 ഫെബ്രുവരിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, വില ശേഖരണത്തിനും വേണ്ടി Price Monitoring Cell, പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി Centre for Price Research Kerala എന്നിവയും നിലവിലുണ്ട്.

വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലെ ജില്ല/താലൂക്ക് തല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഉത്സവ സീസണുകളിൽ പൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തി വരുന്നു. അപ്രകാരം നടത്തുന്ന പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോടൊപ്പം വകുപ്പിൽ നിലവിലുള്ള താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോടു കൂടി പൂഴ്ത്തി വെയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികളും സ്വീകരിച്ച് വരുന്നു.

സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വിൽപ്പന ശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കാറുണ്ട്.

സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി എന്നിവ പൊതുവിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ സാധ്യമായ എല്ലാ നപടികളും സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**